പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3654 20/10/2016-ൽ മറുപടിക്ക്

<u>എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം</u>

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ. മുരളീധരൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) ഇല്ല. |
| (ബി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കേണ്ടതാണെന്നുള്ള നാഷണൽ കമ്മീഷൻ ഫോർ എസ്.സി/എസ്,റ്റി യുടെയും നാഷണൽ കമ്മീഷൻ ഫോർ ബാക്ക് വേർഡ് ക്ലാസ്സിന്റെയും ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) ലഭിച്ചിട്ടുണ്ട്. കെ. ഇ.ആർ ചട്ടം, 1958 സെക്ഷൻ 11 പ്രകാരം എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ മാനേജരിൽ നിക്ഷിപ്തമാണ് എന്നതിനാലും, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങൾ പി. എസ്. സി മുഖേനയാക്കുവാൻ കെ. ഇ.ആർ ചട്ടങ്ങളിലും/ആക്ടിലും ഭേദഗതി വരുത്തേണ്ടതിനാലും ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനങ്ങൾ എടുത്തിട്ടില്ലാത്തതിനാലും എയ്ഡഡ് സ്കൂളുകളിൽ സംവരണം നടപ്പിലാക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ